**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 398** **23-08-2022 - ൽ മറുപടിയ്ക്ക്**

**മയക്കുമരുന്ന് ഭീഷണി നേരിടാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന മയക്കുമരുന്ന് ഭീഷണി നേരിടാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | മയക്കുമരുന്നിന്റെ വിതരണവും കടത്തും തടയുന്നതിനായി രഹസ്യ നിരീക്ഷണവും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനവും നടത്തിവരുന്നതിനോടൊപ്പം, ചെക്ക് പോസ്റ്റുകളിൽ ശക്തമായ വാഹന പരിശോധനയും നടത്തി വരുന്നു. എൻ.ഡി.പി.എസ്. കേസുകളിലെ മുൻ പ്രതികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചു അവർ തുടർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നു. മയക്കുമരുന്ന് ഉപയോഗത്തിനെതിരെ സ്കൂൾ, കോളേജ് തലത്തിൽ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും സ്കൂൾ, കോളേജ് പരിസരങ്ങളിലുള്ള കടകളിൽ നിരന്തര പരിശോധനകൾ നടത്തുകയും ചെയ്യുന്നു. |
| (ബി) | സ്കൂൾ, കോളേജ് തലങ്ങളിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗത്തിനെതിരെ വ്യാപകമായ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ; | (ബി) | സ്കൂൾ/കോളേജ് തലങ്ങളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കുന്നതിനായി വിമുക്തിയുടെ നേതൃത്വത്തിൽ വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. ഇതിനായി സ്കൂൾ തലത്തിലും കോളേജ് തലത്തിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഈ ക്ലബ്ബുകൾ വഴി ബോധവൽക്കരണ ക്ലാസ്സുകൾ, വിവിധ മത്സരങ്ങൾ, വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിച്ചു വരുന്നു.<br><br>അധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിലെ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെകുറിച്ച് കുട്ടികളെ ബോധവൽക്കരിച്ച് ലഹരിയിൽ നിന്നും സ്വയം സംരക്ഷണം തീർക്കുന്നതിനുള്ള കഴിവ് |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും വിദ്യാർത്ഥികളുടെ കായികപരവും കലാപരവുമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനും അവരുടെ കർമശേഷിയെ ക്രിയാത്മകമായ മറ്റ് മേഖലകളിൽ കൂടി വിനിയോഗിക്കുന്നതിനുമായി “ഉണർവ്വ്" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>ലഹരിക്കെതിരായ ബോധവൽക്കരണത്തിനായി ആരോഗ്യ സർവ്വകലാശാലയുടെ കീഴിലുള്ള കോളേജ് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. |
| (സി) | മയക്കുമരുന്നിന്റെ ഉപയോഗവും വിതരണവും തടയുന്നതിന് വിപുലമായ സംവിധാനം ഏർപ്പെടുത്താൻ ഒരു കർമ്മ പദ്ധതി നടപ്പാക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | വിമുക്തി മിഷൻ മുഖേന ലഹരിയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനും, ലഹരിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും വൈവിദ്ധ്യമാർന്ന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ലഹരിക്കെതിരെ വിവിധ തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും, ലഹരിക്കടിമപ്പെട്ടവർക്ക് ലഹരി മോചന ചികിത്സ, കൗൺസിലിംഗ് എന്നിവ നൽകുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചും പൊതുജന പങ്കാളിത്തത്തോടെയും മറ്റ് സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെയും ലഹരിക്കെതിരെയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>ആദിവാസി-തീരദേശ മേഖലകളിൽ ലഹരിവർജ്ജന പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്നു. തീരദേശമേഖലയിലും, ആദിവാസി മേഖലയിലും കുട്ടികളിലും യുവാക്കളിലും കായിക ശേഷി വർദ്ധിപ്പിക്കുന്നതിനും, അവരെ അനഭിലഷണീയമായ പ്രവണതകളിൽ ഏർപ്പെടാതിരിക്കുവാൻ പ്രേരിപ്പിക്കുന്നതിനും ടി മേഖലകളിൽ "ഫിറ്റ്നെസ്സ്" കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഗോത്രവിഭാഗങ്ങൾക്കിടയിൽ ഗോത്രകലാരൂപങ്ങളിലൂടെ ബോധവൽക്കരണം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>മയക്കുമരുന്ന് ഉപയോഗത്തോടുള്ള പ്രതിരോധം ഫലപ്രദമാക്കുന്നതിന് ജനപങ്കാളിത്തത്തിന്റെ അനിവാര്യത കണക്കിലെടുത്ത് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് തലം മുതൽ വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച്, പൊതുജനങ്ങളിൽ നിന്നുള്ള |

| | | | |
|---|---|---|---|
| | | | അഭിപ്രായങ്ങളും പരാതികളും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനും, ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ